പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- **1148** 21.03.2013 ൽ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ നിയമന നിരോധനം

**ചോദ്യം** **ഉത്തരം**

ശ്രീമതി . കെ.എസ്.സലീഖ

ശ്രീ. പി.കെ. അബ്ദു റബ്ബ്

*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)*

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകൾക്ക് മേൽ സർക്കാർ എന്തെല്ലാം സാമ്പത്തിക അച്ചടക്കം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ ; | (എ) | പ്രത്യേകിച്ച് സാമ്പത്തിക അച്ചടക്ക നടപടികളൊന്നും സർവ്വകലാശാലകളുടെ മേൽ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ പ്രമോഷനും, താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥരുടെ നിയമനവും തടഞ്ഞുവയ്ക്കുവാനും ചില സർവ്വീസുകൾ '' ഔട്ട് സോഴ്സ്'' ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | ജീവനക്കാരുടെ നിയമാനുസൃതമുള്ള പ്രൊമോഷനുകൾ തടഞ്ഞിട്ടില്ല ചില താഴ്ന്ന വിഭാഗം തസ്തികകളിൽ ഔട്ട് സോഴ്സിംഗ് നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി 2012 13 ൽ കേന്ദ്രം അനുവദിച്ച തുക എത്ര; ആയതിൽ എന്ത് തുക ഓരോ സർവ്വകലാശാലയും ചെലവഴിച്ചു; വ്യക്തമാക്കുമോ; | (സി) | കൊച്ചി സർവ്വകലാശാലയ്ക്ക് 2012-13 വർഷത്തിൽ യു ജി സി സഹായമായി 3,61,75,000/- രൂപ ധന സഹായമായി ലഭിക്കുകയും അതിൽ 3,51,29,732/- രൂപ ചിലവഴിക്കുകയും ചെയ്തു. മഹാത്മാ ഗാന്ധി സർവ്വകലാശാല യിൽ 5,22,47,660/- രൂപ ലഭിക്കുകയും അതിൽ 5,11,17,660/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം സർവ്വകലാശാലകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു ; എത്ര നിയമനങ്ങൾ നടത്തി ; സർവ്വകലാശാലകൾ തിരിച്ച് വ്യക്തമാക്കുമോ ; | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ) | തൊഴിൽ രഹിതർ കൂടുതലുള്ളതും, വിദ്യാഭ്യാസപരമായി വളരെയധികം ഉയർന്ന നിലവാരമുള്ള ഉദ്യോഗാർത്ഥികളുമുള്ള സംസ്ഥാനത്ത് സർവ്വകലാശാലകളിൽ ഇപ്രകാരമുള്ള പുതിയ തസ്തിക സൃഷ്ടിക്കാതെയും, നിയമന നിരോധനം അടിച്ചേൽപ്പിക്കുന്നതും ശരിയാണെന്ന് കരുതുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഇ) | സർക്കാരിന്റേയും സർവ്വകലാശാലകളുടേയും ശമ്പളചെ ലവുകൾ ഗണ്യമായി വർദ്ധിക്കു ന്നതിനാൽ, സർവ്വകലാശാലകളുടെ ശമ്പളച്ചില വിനാനുപാതികമായി അവയ്ക്കുള്ള സർക്കാർ ധനസഹായത്തിൽ വർദ്ധനവ് വരുത്താൻ പരിമിതികൾ ഉള്ളതിനാലും സർവ്വകലാശാലകളുടെ സാമ്പത്തിക നില വളരെ മോശമായ തിനാലുമാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ